കയെ കൊല്ലം ജില്ലാ ആശുപത്രിയിലും പിന്നീട് ശാസ്താംകോട്ട ആശുപത്രിയിലും ചികിത്സിപ്പിക്കുകയുണ്ടായി. ജില്ലാ ആശുപത്രിയിൽനിന്ന് പറഞ്ഞുവിടുകയാണ് ചെയ്തത്. അതിനുശേഷം ശാസ്താംകോട്ട ആശുപത്രിയിൽ ചികിത്സിച്ചു. എന്നാൽ ആവശ്യത്തിന് ചികിത്സാ ഉപാധികൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തിക ശേഷിപോലും ആ പാവപ്പെട്ട കുടുംബത്തിനില്ല. അതാണ് സ്ഥിതി. ഇതു സംബന്ധിച്ച് മാതാവിൽനിന്ന് ലഭിച്ചിട്ടുള്ള ഒരു പരാതി ഞാൻ തന്നെ നേരിട്ട് ബഹു. മുഖ്യമന്ത്രിക്ക് കൊടുക്കുകയുണ്ടായി. അവിടെ ഈ സംഭവത്തിൽ പ്രതിഷേധിച്ച് ആക്ഷൻ കൗൺസിൽ ഉണ്ടായി. നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രതിഷേധയോഗം സംഘടിപ്പിക്കുകയുണ്ടായി. എന്നിട്ടും ഇതുവരെയായും ആ പ്രതിയെ അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതിയെ അറസ്റ്റുചെയ്താൽ മാത്രം പോരാ, അട്രോസിറ്റീസ് ആക്ട് പ്രകാരം ഡി.വൈ.എസ്.പി.യുടെ റാങ്കിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് കാര്യങ്ങൾ അന്വേഷിപ്പിച്ച് കേസ്സ് ചാർജ്ജ് ചെയ്ത് പ്രതിയെ കസ്റ്റഡിയിൽ എടുക്കണം. ഈ പ്രതി ഒരു വിമുക്തഭടനാണ്. ഉന്നത സ്വാധീനമുള്ള ആളാണ്. ഇതുകാരണം പോലീസ് തിരയുന്നുണ്ടെങ്കിലും ഇതുവരെ കസ്റ്റഡിയിൽ എടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രതി കേരളത്തിനു പുറത്ത് പോയിട്ടുണ്ടെന്നാണ് സംശയിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രതിയെ അറസ്റ്റ് ചെയ്ത് വളരെ ഗൗരവമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, കൊല്ലം കിടങ്ങയംനടുവിൽ ലക്ഷംവീട് കോളനിയിൽ ശ്രീമതി സുശീലയുടെ മകൾ 10 വയസ്സുള്ള സൂര്യയെ അയൽവാസിയും എക്സ് സർവ്വീസുകാരനുമായ ബാലകൃഷ്ണപിള്ള 4-2-2000 ഉച്ചയ്ക്ക് ബലാൽസംഗം ചെയ്തു. പെൺകുട്ടി ശാസ്താംകോട്ട ആശുപത്രിയിൽ ചികിത്സയിലാണ്. ഇത് സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമം 376-ാം വകുപ്പ് പ്രകാരവും പട്ടിക വർഗ്ഗ പീഡന നിരോധന നിയമപ്രകാരവും ക്രൈം 26/2000 നമ്പറായി ശൂരനാട് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒളിവിൽ പോയ പ്രതിയെ, എക്സ് സർവീസ്മെൻ ആയിട്ടുള്ള പ്രസ്തുത ബാലകൃഷ്ണപിള്ളയെ, കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

(3) മുടങ്ങിക്കിടക്കുന്ന കായംകുളം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, കായംകുളം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്നതുമൂലം ഉളവായിരിക്കുന്ന വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെന്റിന്റേയും ഈ സഭയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നീണ്ടകര മുതൽ ഫോർട്ട് കൊച്ചി വരെയുള്ള 150 കിലോമീറ്റർ കടൽത്തീരത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ഫിഷിംഗ് ഹാർബർ ആണ് കായംകുളം ഫിഷിംഗ് ഹാർബർ. പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ആശ്രയിക്കാവുന്ന, മത്സ്യമേഖലയിൽ വലിയ ഉണർവ് ഉണ്ടാക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ടാണ് കായംകുളം ഫിഷിംഗ് ഹാർബർ. 1996-ൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും പങ്കെടുത്ത് അതിന്റെ പ്രവർത്തനോദ്ഘാടനം നടത്തിയെങ്കിലും ആ വർക്ക് ഇപ്പോൾ സ്തംഭിച്ചു കിടക്കുകയാണ്. 6.24 കോടി രൂപയായിരുന്നു അതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

അത് 14.77 കോടിയോളം ആയിട്ടുണ്ട്. അതിൽ 50 ശതമാനത്തോളം കേന്ദ്ര ഗവൺമെന്റാണ് തരുന്നത്. ഈ പ്രോജക്ടിന്റെ ബ്രേക്കുവാട്ടർ നിർമ്മാണം കഴിഞ്ഞരണ്ടു കൊല്ലമായി കോൺട്രാക്ട് പോലും കൊടുക്കാൻ കഴിയാതെ കോടതിയിൽ കിടക്കുകയാണ്. പ്രത്യേകിച്ചും കേരളത്തിന്റെ മത്സ്യമേഖലയിൽ ഏറ്റവും വലിയ സംഭാവന ചെയ്യുന്ന മേഖലയാണ് നീണ്ടകരയും ഫോർട്ടു കൊച്ചിയും. ആ തീരദേശമേഖലയ്ക്കാകെത്തന്നെ വളരെ ഗുരുതരമായ പ്രയാസം ഉണ്ടാക്കുന്നതരത്തിൽ ആ പ്രോജക്ട് ഇപ്പോൾ സ്തംഭിച്ചു കിടക്കുകയാണ്. ഈ കായംകുളം ഫിഷറീസ് ഹാർബറിന്റെ പ്രവർത്തനങ്ങളിൽ കോടതിയിലുള്ള വക്കീലൻമാർ ശുഷ്ക്കാന്തി കാണിക്കുന്നില്ല. ഈ കോൺട്രാക്ടുമായി ബന്ധപ്പെട്ട് 14.7 കോടി രൂപയുടെ വർക്കാണ് സൊസൈറ്റി പിടിച്ചിരിക്കുന്നത്. സൊസൈറ്റിക്ക് ഇത്തരം വർക്ക് നടത്താൻ കഴിയുമോ? ഇതൊക്കെ ഗൗരവമായി ആലോചിക്കേണ്ട കാര്യങ്ങളാണ്. ഈ വർക്ക് നടത്താൻ കഴിയുന്ന കരാറുകാരെ ഏൽപ്പിച്ച് ഏറ്റവും വേഗത്തിൽ നടത്താൻ സംസ്ഥാന ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്കാരികവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, കായംകുളം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനത്തിനായി പൊഴിയുടെ തെക്കുഭാഗത്ത് 550 മീറ്റർ നീളമുള്ള പുലിമുട്ടും വടക്കുഭാഗത്ത് 210 മീറ്റർ നീളമുള്ള പുലിമുട്ടും നിർമ്മിക്കുവാൻ ഡ്രെഡ്ജിംഗ്, റിക്ലമേഷൻ ബണ്ട്, വാർഫ്, ലേലപ്പുര റോഡ്, ജലവിതരണം, ഇലക്ട്രിസിറ്റി കണക്ഷൻ ഓഫീസ്, കെട്ടിട നിർമ്മാണം എന്നീ ജോലികളാണ് ചെയ്യാനുള്ളത്. അതിന്റെ ഭാഗമായി പൊഴിയുടെ തെക്ക് ഭാഗത്ത് 75 സെന്റ് വസ്തുവും വടക്കുഭാഗത്ത് 32.93 സെന്റ് വസ്തുവും ഏറ്റെടുത്തിട്ടുണ്ട്. ഓഫീസ് കെട്ടിട നിർമ്മാണം ഡ്രെഡ്ജിംഗ്, റിക്ലമേഷൻ ബണ്ട് നിർമ്മാണം മുതലായവ പൂർത്തിയായി. ജലവിതരണം, വൈദ്യുതി വിതരണം, ആന്തരിക റോഡ്, പരിസ്ഥിതി പഠനം മുതലായവ പ്രായോഗികമായി പൂർത്തിയായി. വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കേസ്സ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിർമ്മാണ ജോലികൾക്ക് ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതുകൊണ്ട് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിരോധന ഉത്തരവ് നീക്കിക്കിട്ടാൻ നടപടി സ്വീകരിച്ചുവരുകയാണ്. സ്റ്റേ പിൻവലിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ഇതിന്റെ പണി പൂർത്തീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(4) റാന്നി ആയുർവേദ ഡിസ്പെൻസറി താലൂക്കാശുപത്രിയായി ഉയർത്തേണ്ടതു സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം : സർ, മൂന്നു ലക്ഷത്തിലധികം ജനങ്ങൾ താമസിക്കുന്ന നിയോജകമണ്ഡലം എന്ന നിലയിലല്ല 130 കിലോമീറ്റർ നീളമുള്ള റാന്നി കേരളത്തിലെ ഏറ്റവും വിസ്തൃതിയേറിയ നിയോജകമണ്ഡലത്തിൽ ഒന്നാണ്. അവിടെ ഏതാനും ആയുർവേദ ഡിസ്പെൻസറികൾ മാത്രമാണുള്ളത്. താലൂക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അങ്ങാടി ആയുർവേദ ഡിസ്പെൻസറി താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതു കൂടാതെ നാലു കോടിയിലധികം തീർത്ഥാടകർ പ്രതിവർഷം എത്തുന്ന മണ്ഡലം എന്ന പ്രത്യേകത കൂടി കണക്കിലെടുത്ത് ഈ ഡിസ്പെൻസറി ആയുർവേദ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly